41245

# വിവരാവകാശനിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ

**(ബഹു.ഹൈക്കോടതി റിട്ട് സമർപ്പിക്കുന്നതിന്)**

**പ്രേഷിതൻ**


**ഫെബീന.കെ.പി**
**തുഷാര**
**മഠത്തുംഭാഗം**
വടക്കുമ്പാട്.പി.ഒ
തലശ്ശേരി, 670105


FIVE RUPEES FIVE RUPEES

20 DEC 2017
JUSTICE
TRIVANDRUM

**സ്വീകർത്താവ്**

**പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
സെക്രട്ടറി ഓഫ് സോഷ്യൽ ജസ്റ്റിസ്
വികാസ് ഭവൻ, തിരുവനന്തപുരം.

**വിഷയം : പ്രസ്തുത വകുപ്പിന് കീഴിൽ മിനിസ്റ്റീരിയൽ സ്റ്റാഫിലെ Sanctioned (സ്ഥിരം) തസ്തിക, ഒഴിവ്, നിയമനം എന്നിവ സംബന്ധിച്ച്.**

സർ,

1) വകുപ്പിന് കീഴിൽ മിനിസ്റ്റീരിയൽ സ്റ്റാഫിലെ ഉള്ള തസ്തികകൾ ഏതൊക്കെയുണ്ട്? എത്ര എണ്ണം? തസ്തികയുടെ പേര് സഹിതം തരം തിരിച്ച് നൽകുക.
2) വകുപ്പിൽ നിലവിൽ മേൽപ്പറഞ്ഞ തസ്തികയിൽ എത്ര ഒഴിവുണ്ട്? തസ്തികയുടെ പേര്, ഒഴിവ് എന്നിവ പ്രത്യേകം നൽകുക.
   a. എത്ര ഒഴിവ് പി.എസ്.സിക്ക്/മേൽ അധികാരിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്?
   b. റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ തീയ്യതി ഫയൽ നമ്പർ സഹിതം തസ്തികകൾ വേർതിരിച്ച് നൽകുക.
3) പ്രസ്തുത വകുപ്പിന് കീഴിലുള്ള കണ്ണൂർ ജില്ലയിലെ ഓഫീസുകളിലെ വിലാസവും ഫോൺ നമ്പറും നിലവിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് മിനിസ്റ്റീരിയൽ സ്റ്റാഫിൽ എത്ര തസ്തികകളും ഒഴിവുകളുമുണ്ട് എന്നിവ തരം തിരിച്ച് നൽകുക.
4) പ്രസ്തുത വകുപ്പിൽ പി.എസ്.സിയിൽ നിന്ന് നിയമനനിർദേശം വന്നിട്ട് ഉദ്യോഗാർത്ഥികൾക്ക് വകുപ്പിൽ നിന്നും അപ്പോയിന്റ്മെന്റ് ഓർഡർ അയച്ചിട്ടും 15 ദിവസം കഴിഞ്ഞിട്ടും ജോലിക്ക് ഹാജരാകാത്തവരുടെ വിവരങ്ങൾ നൽകുക (എൻ.ജെ.ഡി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്തത്).
   a. പ്രസ്തുത ഒഴിവിൽ പ്രവേശിക്കാത്തവരുടെ എൻ.ജെ.ഡി ഒഴിവുകൾ തിരിച്ച് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ ഉത്തരവ് പാലിച്ചിട്ടുണ്ടോ?

5) പ്രസ്തുത വകുപ്പിൻ കീഴിൽ മേൽ പറഞ്ഞ തസ്തികയിൽ താൽക്കാലിക മായി/ദിവസവേതന നിരക്കിൽ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്നവർ ഉണ്ടെങ്കിൽ പ്രസ്തുത തസ്തിക, നിയമനം ലഭിച്ച ഓഫീസ്, നിയമനം ലഭിച്ച തീയ്യതി, ടി ഓഫീസ് എന്നിവ സഹിതം നൽകുക.
6) നിലവിൽ ഒഴിവിൽ ഏതെങ്കിലും വിഭാഗത്തിന് (ആശ്രിതർ, സ്പെഷൽ റിക്രൂട്ട്മെന്റ്, ട്രാൻസ്ഫർ, ഇന്റർഡിപ്പാർട്ട്മെന്റ്, മറ്റിനം) കൊടുക്കാൻ മാറ്റി വെച്ചിട്ടുണ്ടോ?
   a. ഉണ്ടെങ്കിൽ എത്ര ഒഴിവുകൾ? ഏത് വിഭാഗത്തിന്?
   b. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് സഹിതം നൽകുക.
7) ഈ വകുപ്പിൻ കീഴിൽ 2018 ഡിസംബർ 31നുള്ളിൽ 56 വയസ്സ് പൂർത്തിയാക്കുന്ന (വിരമിക്കുന്ന) മിനിസ്റ്റീരിയൽ സ്റ്റാഫിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ എണ്ണം, നിലവിലെ തസ്തിക, വിരമിക്കൽ തീയ്യതി, വർഷം എന്നിവ തരംതിരിച്ച് നൽകുക.
8) P&ARD വകുപ്പിന്റെ 16/08/2017ലെ ഉത്തരവ് പ്രകാരം (No.304/ADV.C3/2017/P&ARD) 2018 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ ഉത്തരവ് പാലിച്ചിട്ടുണ്ടോ?
   a. ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകുക.
   b. ഇല്ലെങ്കിൽ എത്ര പ്രതീക്ഷിത ഒഴിവുകളുണ്ട്?
   c. പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തില്ലെങ്കിൽ പ്രസ്തുത ഉത്തരവ് ലഭിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അത് വ്യക്തമാക്കുക.
9) പ്രസ്തുത വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ മേൽപറഞ്ഞ തസ്തികകളിൽ 6 മാസത്തിൽ കൂടുതൽ അവധിയെടുത്തിട്ടുണ്ടോ?
   a. ഉണ്ടെങ്കിൽ ഏതെല്ലാം ഓഫീസുകളിൽ?
   b. ആ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?
10) ഈ വകുപ്പിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന്, പുതിയ ഓഫീസ് തുടങ്ങുന്നതിന് ശുപാർശ നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ തസ്തിക, തസ്തികകളുടെ എണ്ണം, ഫയൽ നമ്പർ, തീയ്യതി അതിന്റെ പകർപ്പുകൾ സഹിതം നൽകുക.

സൂചന: 1. വിവരാവകാശനിയമം 2005 പ്രകാരം വിവരങ്ങൾ നൽകുന്നതിന് അധിക ഫീസ് ആവശ്യമുള്ള പക്ഷം നിയമപ്രകാരം 7 (3a) പ്രകാരം നൽകുന്നതാണ്.

2. അങ്ങയുടെ ഓഫീസിൽ ലഭ്യമല്ലാത്ത വിവരങ്ങൾ അങ്ങ് നേരിട്ട് പ്രസ്തുത ഓഫീസിന് കൈമാറി വിവരാവകാശനിയമത്തിലെ ചട്ടം അനുസരിച്ച് നൽകണമെന്നും അപ്പീൽ അധികാരിയുടെ മേൽവിലാസം സഹിതം എത്രയും പെട്ടെന്ന് വിവരങ്ങൾ ലഭ്യമാക്കണമെന്നും അപേക്ഷിക്കുന്നു.

എന്ന് വിശ്വസ്തതയോടെ,

ഫെബീന.കെ.പി

9495616412.

കണ്ണൂർ
08-12-2017